പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 217 28.01.2019-ൽ മറുപടിയ്ക്ക്

## ശാരീരിക വൈകല്യം സംഭവിച്ച മഹിക്ക് ധനസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.സി.ജോസഫ് | പിണറായി വിജയൻ (മുഖ്യമന്ത്രി.) |

| | | | |
| --- | --- | --- | --- |
| (എ) | മുൻ ഗ്രാമവികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വാഹനം മുഖേന 2013 ഏപ്രിൽ 5-ാം തീയതി ചെങ്ങന്നൂരിന് സമീപം ഉണ്ടായ അപകടത്തിൽ പരിക്ക് പറ്റിയ ചെങ്ങന്നൂർ കാരക്കാട് പെരിവുകാലായിൽ രമണിയുടെ മകൻ മഹിക്ക് സഹായം നൽകുന്നതിന് 2015 ജൂലൈ മാസം 8-ാം തീയതി ചേർന്ന മന്ത്രിസഭാ യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കിയോ; | (എ), (ബി) & (സി) | നടപ്പിലാക്കിയിട്ടുണ്ട്. G.O.(Rt)326/15/Rev. Dated 16/07/2015 നമ്പർ ഉത്തരവ് പ്രകാരം രണ്ടു ലക്ഷം രൂപ CMDRF ൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്. ശാരീരിക വൈകല്യം സംഭവിച്ച ശ്രീ.മഹിക്ക് 2016 ജനുവരി മുതൽ വികലാംഗ പെൻഷൻ ലഭിച്ചു വരുന്നുണ്ട്. ടിയാളുടെ അമ്മയായ ശ്രീമതി രമണിക്ക് സാമൂഹ്യ സുരക്ഷാമിഷനിൽ നിന്നും 19,350/- രൂപയും (2018 ജൂൺ വരെയുള്ളത്) ആശ്വാസകിരണം പദ്ധതി പ്രകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ ഇതുവരെ നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ശാരീരിക വൈകല്യം സംഭവിച്ച മഹിക്ക് പ്രത്യേക കേസ്സായി പരിഗണിച്ച് വികലാംഗ പെൻഷനും, അമ്മ രമണിക്ക് | | |

| | | | |
|---|---|---|---|
| | അടിയന്തര കിരണം പദ്ധതി ധനസഹായവും നൽകുന്നതിന് സാമൂഹ്യനീതി (സി) വകുപ്പ് 25.08.2015-ൽ സ.ഉ.(എം.എസ്)നം.52/2015/സാ.നീ.വ. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ ഈ ഉത്തരവ് പ്രകാരമുള്ള എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | മന്ത്രിസഭാ തീരുമാനം ഉണ്ടായി കഴിഞ്ഞാൽ എത്ര ദിവസത്തിനകം ഉത്തരവ് ഇറക്കണമെന്നും എത്ര ദിവസത്തിനകം നടപ്പിലാക്കണമെന്നുമാണ് നടപടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) & (ഇ) | മന്ത്രിസഭാ തീരുമാനം ഉണ്ടായിക്കഴിഞ്ഞാൽ 48 മണിക്കൂറിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് ചട്ടം. |
| (ഇ) | ഈ നിബന്ധന മഹിയുടെ കാര്യത്തിൽ പാലിച്ചില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ